LIBRARY ARCHIVES Kerala Legislative Assembly

ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി

6 (*606) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ പണം അടച്ചിട്ടും വനം വകുപ്പിന്റെ എതിർപ്പുമൂലം ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ദുർബല വിഭാഗങ്ങളിപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാൻ മുഹമ്മദ്) :

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ട് രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ യോജന (ആർ.ജി.ജി.വി.വൈ.) പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ കണക്ടഡ് ലോഡ് പരിധിയില്ലാതെ എല്ലാ ബി.പി.എൽ. അപേക്ഷകർക്കും കണക്ടഡ് ലോഡ് 1000 വാട്ട്സിൽ താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കും ബോർഡ് സൗജന്യമായി ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. കൂടാതെ മറ്റ് വിഭാഗക്കാർക്ക് ആർ.ജി.ജി.വി.വൈ. പദ്ധതിയിൽപ്പെടുത്തി ഒ.എച്ച്. വൈനുകൾ നിർമ്മിച്ച് ഡബ്ല്യു.പി. കണക്ഷനുവേണ്ട തുക ഈടാക്കിയും ഗാർഹിക കണക്ഷനുകൾ നൽകിവരുന്നു. ആർ.ജി.ജി.വി.വൈ. പദ്ധതി ഇല്ലാത്ത മേഖലകളിൽ കണക്ടഡ് ലോഡ് 500 വാട്സിൽ താഴെയുള്ള എല്ലാ ബി.പി.എൽ. അപേക്ഷകർക്കും 1000 വാട്സിൽ താഴെയുള്ള എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കും ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള ഗാർഹിക കണക്ഷനുകൾ നൽകുവാൻ പുതിയതായി നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ "യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്"

7 (*607) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ "യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്" നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്